അറകുറപ്പണികളും നടത്തുന്നില്ല. ആ തൊഴിലാളി കുടുംബങ്ങളും താമസിക്കുന്ന ലയങ്ങളും സംരക്ഷിക്കുന്ന ഉത്തരവാദിത്വത്തിൽ നിന്നും മാനേജുമെന്റുകളും പതുക്കെ ഒഴിഞ്ഞു മാറുകയാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ കർശനമായ നടപടി സ്വീകരിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, 10,000-ത്തോളം ലയങ്ങളുള്ളതിൽ 4500 ആളുകളുടെ സ്ഥിതി ഇന്ന് വളരെ ദയനീയമാണ് എന്നാണ് Chief Inspector of Plantation തന്നിരിക്കുന്ന റിപ്പോർട്ട്. അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഇ. എം. അഗസ്തി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 309 കുടുംബങ്ങളെ ഇപ്പോൾ സ്കൂളുകളിലേയ്ക്ക് മാറി പാർപ്പിച്ചിരിക്കുകയാണ്. 4500-ഓളം ലയങ്ങൾ അറകുറപ്പണിക്കായി എസ്റ്റിമേറ്റ് എടുത്തപ്പോൾ ഏകദേശം 6 കോടി രൂപയോളം അതിനാവശ്യമായി വരും. 6 കോടി രൂപ ഏതിൽ നിന്നും കണ്ടെത്തുമെന്നുള്ളതാണ്. ഒന്നാമത്തെക്കാര്യം ഇതിനിടയ്ക്ക് ഗവൺമെന്റ് കൊടുത്ത ഫണ്ടിൽ നിന്നും തന്നെ അത്യാവശ്യ ലയങ്ങൾ നന്നാക്കുന്നതിനുള്ള ഒരു തീരുമാനമെടുത്തിരുന്നു. പക്ഷേ സ്വകാര്യ ഉടമസ്ഥതയിലുള്ള കമ്പനികളുടെ ലയങ്ങൾ സർക്കാർ ഫണ്ടുപയോഗിച്ച് ചെയ്യാൻ പാടുന്നതിനുള്ള തടസ്സമാണത്. അതിൽ ഇപ്പോൾ ഉപേക്ഷിച്ച് പോയിരിക്കുന്ന ചില എസ്റ്റേറ്റുകളെ സംബന്ധിച്ചിടത്തോളം നമുക്ക് കൂടുതൽ ആ കാര്യത്തിൽ ചെയ്യാൻ കഴിയില്ല. എങ്കിലും ഇപ്പോൾ മാറി പാർപ്പിച്ചിട്ടുള്ളവർക്ക് സൗജന്യറേഷനും മറ്റ് ആനുകൂല്യങ്ങളുമെല്ലാം നൽകിക്കൊണ്ടിരിക്കുകയാണ്. ഈ സെഷൻ തീരുന്ന മുറയ്ക്കു തന്നെ ആ ജില്ലയിലെ എം.എൽ.എ.മാരുമായി അവിടെ സന്ദർശിച്ച് ഇക്കാര്യത്തിൽ അതിനാവശ്യമായ നടപടികളും മാനേജുമെന്റുകളെക്കൊണ്ട് ചെയ്യിക്കാൻ പരമാവധി ശ്രമിക്കുന്നതാണ്. ഏതെല്ലാംനിലയിലുള്ള നടപടികളെടുക്കാൻ കഴിയുമെന്നുള്ളത് ആ പ്രദേശത്തെഎം. എൽ. എ.മാരുമായി ആ സ്ഥലം സന്ദർശിച്ച് അവിടുത്തെ ബന്ധപ്പെട്ട എസ്റ്റേറ്റർ ഉടമകളെക്കൂടി വിളിച്ച് ചർച്ച ചെയ്ത് ഇതിന് അടിയന്തിരമായി ശ്രദ്ധ നൽകുന്നതാണെന്ന് ഞാൻ അറിയിക്കുന്നു.

(18) ഒറപ്പാലം താലൂക്കിൽ റവന്യൂ ടവർ

ശ്രീ. വി. സി. കബീർ: സർ, ഒറപ്പാലം റവന്യൂ ഡിവിഷണൽ ഓഫീസ് മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്നപ്പോൾതന്നെ പ്രസിദ്ധമായിരുന്നു. ഏറ്റവും വലിയ റവന്യൂ ഡിവിഷണൽ ഓഫീസാണ്. അതിനോടനുബന്ധിച്ച് 29 ഓഫീസുകൾ വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. വളരെക്കാലത്തെ ആവശ്യത്തെത്തുടർന്ന് ബഡ്ജറ്റിൽ 10 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. അടിയന്തിരമായി മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കണമെന്നതാണ് എന്റെ ആവശ്യം.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): സർ, റവന്യൂ ടവറിന്റെ കാര്യമാണ് എഴുതിത്തന്നിരിക്കുന്നത്. മിനി സിവിൽ സ്റ്റേഷന്റെ കാര്യമല്ല. തൊടുപുഴ, കൊട്ടാരക്കര, കാഞ്ഞിരപ്പള്ളി, ആറ്റിങ്ങൽ, കാസർകോട്, റാന്നി എന്നീ സ്ഥലങ്ങളിൽ റവന്യൂ ടവറുകളുടെ നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനാണ് ഇപ്പോൾ കേരള നിർമ്മാണ ബോർഡ് തീരുമാനമെടുത്തിരിക്കുന്നത്. വളരെ പ്രധാനപ്പെട്ട ഒരാവശ്യമാണ് അദ്ദേഹം മുന്നോട്ടു വച്ചത്. അതു കണക്കിലെടുത്തുകൊണ്ട്, അടുത്ത ഘട്ടം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന താലൂക്ക്

LIBRARY ARCHIVES Kerala Legislative Assembly

ആസ്ഥാനങ്ങളുടെ കൂട്ടത്തിൽ, ഒറപ്പാലം താലൂക്കിൽ റവന്യൂ ടവർ സ്ഥാപിക്കുന്ന കാര്യം ആലോചിക്കാം.

(19) കാലവർഷത്തെ തുടർന്ന് ആലുവ താലൂക്കിൽ ഉണ്ടായ കൃഷിനാശം

ശ്രീ. കെ. മുഹമ്മദാലി: സർ, ശക്തമായ കാറ്റും കാലവർഷവും മൂലം എന്റെ നിയോജകമണ്ഡലത്തിലും വടക്കേക്കര നിയോജകമണ്ഡലം, പറവൂർ നിയോജകമണ്ഡലം എന്നിവിടങ്ങളിലും പരക്കെ കൃഷിനാശവും വൻനഷ്ടം നശിക്കുന്ന സാഹചര്യവും ഉണ്ടായിട്ടുണ്ട്. ആലുവാ താലൂക്കിലെ കടുങ്ങല്ലൂർ പഞ്ചായത്ത്, അതുപോലെ തന്നെ ചൂർണ്ണിക്കര പഞ്ചായത്ത്, കടുന്നൂർ താലൂക്കിലെ കളമശ്ശേരി മുനിസിപ്പൽ പ്രദേശം, വടക്കേക്കര നിയോജകമണ്ഡലത്തിലെ നെടുമ്പാശ്ശേരി പഞ്ചായത്ത് തുടങ്ങിയ പ്രദേശങ്ങളിൽ കൃഷിനാശമുണ്ടായിട്ടുണ്ട്. വീടുകളും നശിച്ചുപോയിട്ടുണ്ട്. അടിയന്തിരമായി ഈ വീടുകളുടെ കേടുപാടുകൾക്ക് നഷ്ടപരിഹാരം നൽകുവാനും അതുപോലെ കുറച്ചു നഷ്ടമുണ്ടായവരെ സഹായിക്കാനും ഗവൺമെന്റ് മുന്നോട്ടു വരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി ശ്രീ. വി. വിശ്വനാഥമേനോൻ (റവന്യൂ, രജിസ്ട്രേഷനും വകുപ്പുമന്ത്രി): സർ, കാലവർഷക്കെടുതിയെത്തുടർന്ന് ചൂർണ്ണിക്കര പഞ്ചായത്തിൽ 19 കുടുംബങ്ങളിലെ 40 പേരെ രണ്ടു കേന്ദ്രങ്ങളിലായും നെടുമ്പാശ്ശേരി പഞ്ചായത്തിലെ 49 കുടുംബങ്ങളിലെ 231 പേരെ മൂന്നു കേന്ദ്രങ്ങളിലായും മാറി പാർപ്പിച്ചിട്ടുണ്ട്. ഇവർക്കാവശ്യമുള്ള സൗജന്യ റേഷൻ, കുടിവെള്ളം, വെളിച്ചം, മരുന്ന് എന്നിവയ്ക്കുള്ള എല്ലാ സൗകര്യങ്ങളും ഇപ്പോൾത്തന്നെ ചെയ്തുകൊടുത്തിട്ടുണ്ട്. നെടുമ്പാശ്ശേരി പഞ്ചായത്തിൽ ഉൾപ്പെട്ട ഏകദേശം 250 ഏക്കറോളം കൃഷിഭൂമിയിൽ നിൽക്കുന്ന വാഴ, തെങ്ങ്, മരച്ചീനി, കമുക്, മറ്റു ഫലവൃക്ഷങ്ങൾ എന്നിവയ്ക്കും നെൽപാടങ്ങൾക്കും കൃഷിനാശം സംഭവിച്ചിട്ടുണ്ട്. ചൂർണ്ണിക്കര പഞ്ചായത്തിലെ നൂറ് ഏക്കറോളം കൃഷിഭൂമിയിലെ കാർഷിക വിളകൾക്ക് നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. കൃഷിനാശം വന്നവർക്ക്, അത് സംബന്ധിച്ച റിപ്പോർട്ടു ലഭിച്ചാൽ സഹായം നൽകുന്നതാണ്. ആ പഞ്ചായത്തിൽ 15 ലക്ഷം രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുള്ളതായിട്ടാണ് കണക്കുകൾ കിട്ടിയിരിക്കുന്നത്. പ്രകൃതിക്ഷോഭം മൂലം കടുങ്ങല്ലൂർ പഞ്ചായത്തിൽ 30 വീടുകൾ ഭാഗികമായി തകർന്നു. തുടർച്ചയായ കാലവർഷം മൂലം വെള്ളം പൊങ്ങിയതിനെത്തുടർന്ന് കടുങ്ങല്ലൂർ പഞ്ചായത്തിൽ തുറന്നിട്ടുള്ള രണ്ടു ക്യാമ്പുകളിലായി 60 കുടുംബത്തിൽപെട്ട 238 പേരെ മാറി പാർപ്പിച്ചിട്ടുണ്ട്. അവർക്കാവശ്യമായ എല്ലാ സൗകര്യങ്ങളും അവിടെ ചെയ്തുകൊടുത്തിട്ടുണ്ട്.

(20) മണ്ണാർക്കാട് കാലവർഷക്കെടുതി മൂലമുണ്ടായ ജീവഹാനിയും കൃഷിനാശവും

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, നാലു മാസമായി തിമിർത്തു പെയ്യുന്ന മഴയുടെ അനന്തരഫലമായി എന്റെ നിയോജകമണ്ഡലത്തിൽ ഒരു കോടി അറുപത്തിമൂന്ന് ലക്ഷം രൂപയുടെ നാശനഷ്ടം ഇതിനകം ഉണ്ടായിട്ടുണ്ട്. അതുപോലെത്തന്നെ പുതൂർ പഞ്ചായത്ത്, കേരള സംസ്ഥാനത്തുനിന്നും ഒറപ്പെട്ടിരിക്കുകയാണ്. ഭവാനി നദി നിറഞ്ഞു കവിഞ്ഞൊഴുകുന്നതുകൊണ്ട്, ശിരുവാണിപ്പുഴ നിറഞ്ഞു കവിഞ്ഞൊഴുകുന്നതുകൊണ്ട്, അധികമായി ജലം ഫ്ളോ ചെയ്യുന്ന ഒരവസ്ഥയുണ്ടായിട്ടുണ്ട്. മുവ്വായിരത്തോളം റബ്ബർ മരങ്ങൾ നശിച്ചു കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly